**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 474** **24-03-2025 - ൽ മറുപടിയ്ക്ക്**

**കൂടുതൽ വിമുക്തി സെന്ററുകൾ ആരംഭിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വിമുക്തി പദ്ധതിയുടെ ഭാഗമായി റിഹാബിലിറ്റേഷൻ കേന്ദ്രങ്ങളിൽ എത്തുന്ന കുട്ടികളുടെയും യുവാക്കളുടെയും എണ്ണത്തിൽ വൻതോതിലുള്ള വർധനവ് ഉണ്ടായിരിക്കുന്നുവെന്നത് ഗൗരവമായി കാണുന്നുണ്ടോ;</td><td>(എ)</td><td>വിമുക്തി പദ്ധതിയുടെ ഭാഗമായി റീഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ പ്രവർത്തിച്ച വരുന്നില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിച്ച വരുന്ന 14 ഡി-അഡിക്ഷൻ കേന്ദ്രങ്ങളിൽ എത്തുന്ന കുട്ടികളുടെയും യുവാക്കളുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ചികിത്സ ലഭ്യമായ 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വർഷം തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.<br><table><tr><td>2021</td><td>681</td></tr><tr><td>2022</td><td>1238</td></tr><tr><td>2023</td><td>1982</td></tr><tr><td>2024</td><td>2880</td></tr><tr><td>2025 ജനുവരി, ഫെബ്രുവരി</td><td>588</td></tr></table><br>ടി വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ലഹരിക്കെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ലഹരിയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ വിമുക്തി സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?</td><td>(ബി)</td><td>വിമുക്തി മിഷന് 2024-25 സാമ്പത്തിക വർഷം അനുവദിച്ച ഭരണാനുമതിയിൽ പുതിയ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല. അതിനാൽ കൂടുതൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ